# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് മാർഗ്ഗനിർദ്ദേശം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 275

20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>,, എം. എ. ബേബി<br>,, എം. ചന്ദ്രൻ<br>,, എസ്. രാജേന്ദ്രൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| എ) | തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് ഖേദകരമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | എ)<br>ബി | ഗ്രാമീണ ജനതയുടെ അതിജീവനോപാധി (Livelihood means) വർദ്ധിപ്പിക്കുവാൻ വേണ്ടിയുള്ള ഈടുറ്റ ആസ്തികൾ (ജലസേചനകുളം, ജലസേചന തോട്, മണ്ണ്-ജല സംരക്ഷണത്തിനായുള്ള ബണ്ട്, കയ്യാല, ഗ്രാമീണ റോഡ്, തുടങ്ങിയവ) സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ ചെയ്യുവാനുള്ള തൊഴിൽ ലഭ്യമാക്കുക എന്ന രീതിയിൽ തൊഴിലുറപ്പു നിയമത്തിൽ കേന്ദ്ര സർക്കാർ ആവശ്യമായ ഭേദഗതി വരുത്തി. ഈടുറ്റ ആസ്തികൾ പദ്ധതി പ്രകാരം ഗ്രാമപ്രദേശങ്ങളിൽ സൃഷ്ടിക്കുക എന്നത് സ്വീകാര്യമായ കാര്യമാണ്. ഇതുവഴി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കും.<br><br>03.01.2014 ലെ എസ്.ഒ 19(ഇ) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്രസർക്കാർ ഭേദഗതി വരുത്തിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 പ്രകാരം, നിഷ്ക്കർഷിക്കപ്പെട്ടിട്ടുള്ള ഗുണമേന്മയും ഈട്ടുള്ള ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ മാത്രമേ ഏറ്റെടു |
| ബി) | നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയെ സംബന്ധിച്ച് നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ തൊഴിൽ ദിനങ്ങൾ വൻതോതിൽ കുറയ്ക്കുവാൻ ഇടയാക്കുന്നവയാണ് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ? | | |

| | | | |
|---|---|---|---|
| | | | ക്കാൻ പാടുള്ളൂ എന്നും, പ്രകടമല്ലാത്തതും അളന്ന്തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല്നീക്കം ചെയ്യൽ, കല്ല്നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമീണ ജനതയുടെ വിഭവ അടിത്തറ വിപുലപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളായ കോഴിക്കൂട്, ആട്ടിൻകൂട്, കാലിത്തൊഴുത്ത് എന്നിവയുടെ നിർമ്മാണം, മൽസ്യം ഉണക്കുന്നതിനുള്ള കേന്ദ്രങ്ങൾ, ഹോർട്ടികൾച്ചർ, സെറികൾച്ചർ, പ്ലാന്റേഷൻ, ഫാംഫോറസ്ട്രി, ഫാംപോണ്ടുകൾ എന്നിവയും, മറ്റ് ജലസംരക്ഷണ പ്രവൃത്തികൾ, ഗ്രാമീണ അടിസ്ഥാനസൗകര്യങ്ങൾ എന്നിവയും ഏറ്റെടുക്കുന്നതിന് അനുവാദം നിലവിലുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പദ്ധതിയിൽ അനുവദനീയമായ ഉല്പാദനക്ഷമമായതും ഈടുറ്റതും നിശ്ചിത ഗുണമേന്മയുള്ളതുമായ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകളുടെ നടപ്പ് സാമ്പത്തിക വർഷത്തെ വാർഷിക കർമ്മപദ്ധതിയിൽ നിന്ന് തെരഞ്ഞെടുത്ത് ആവശ്യാനുസരണം തൊഴിൽ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ ഉത്തരവ് (ആർ.റ്റി)1055/14/തസ്വഭവ തീയതി 29/04/2014 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്താൻ തയ്യാറാകുമോ? | സി) | 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് രൂപീകരിച്ചിട്ടുള്ള തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ